പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 871 05.02.2020 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കും ഇതുമൂലം കൃഷി നശിക്കുന്നവർക്കും വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | നഷ്ടപരിഹാരം നൽകുന്നുണ്ട്.<br>വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ "ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. വന്യജീവി ആക്രമണം മൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 0 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പു കടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ തുകയും ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി നൽകി വരുന്നു. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം, കന്നുകാലി നഷ്ടം, വീട് നഷ്ടം, തുടങ്ങിയവയ്ക്ക് നഷ്ടത്തിന്റെ 100% (പരാമവധി 1 ലക്ഷം രൂപ) അനുവദിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | 2018-19ൽ വന്യ മൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് എന്ത് തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ, | (ബി) | 2018-19ൽ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് ... 442.54 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (സി) | വന്യമൃഗങ്ങൾ വിളകൾ നശിപ്പിച്ച വകയിൽ 2018-19ൽ വകുപ്പ് കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | വന്യമൃഗങ്ങൾ വിളകൾ നശിപ്പിച്ച വകയിൽ 2018-19-ൽ വകുപ്പ് കർഷകർക്ക് നഷ്ടപരിഹാര-മായി 460.77 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

Sajeev

സെക്ഷൻ ഓഫീസർ